പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2602 — 19/3/2015-ലെ മറുപടിയ്ക്ക്

## തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രി) |
| (എ) തയ്യൽ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ അംശദായം അടയ്ക്കുന്ന തൊഴിലാളികൾക്ക് ആനുപാതികമായി തൊഴിലുടമാ വിഹിതവും,സർക്കാർവിഹിതവും വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;<br><br>(ബി) തയ്യൽ തൊഴിലാളി നിയമം ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ; | (എ)യും (ബി)യും | അംശദായം വർദ്ധിപ്പിക്കുന്നതിന് കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്ടിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. തൊഴിലുടമാ/ തൊഴിലാളിവിഹിതം വർദ്ധിപ്പിക്കുന്നതിന് കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ചിട്ടുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. 2008 ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്ടിൽ പ്രതിമാസ അംശദായ തുക 10 രൂപയിൽ അധികമായി വർദ്ധിക്കുമ്പോൾ അപ്രകാരമുള്ള വർദ്ധനവിന് ആനുപാതികമായി നിധിയിലേയ്ക്ക് ഗ്രാന്റ് നൽകുന്നതിന് സർക്കാരിന് ബാധ്യത ഉണ്ടായിരിക്കുന്നതല്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| സി) തൊഴിലാളികളുടെ മിനിമം പെൻഷൻ 1000 രൂപയും മരണാനന്തരആനുകൂല്യം 25000 രൂപയുമാക്കുന്നത് സംബന്ധിച്ച് നയം വ്യക്തമാക്കാമോ; | സി) | പെൻഷൻ വർദ്ധനവ് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. മരണാനന്തര ധനസഹായം വർദ്ധിപ്പിക്കുന്നതിന് കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് തീരുമാനമെടുത്തിട്ടില്ല. |
| ഡി) തയ്യൽ തൊഴിലാളികളുടെ ചികിത്സാ ധനസഹായവും വിവാഹ ധനസഹായവും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ, വ്യക്തമാക്കാമോ? | ഡി) | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ചികിത്സാ ധനസഹായം വിവാഹ ധനസഹായം എന്നിവ വർദ്ധിപ്പിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ